(ബി) എങ്കിൽ ഇതു സംബന്ധിച്ച സർവ്വേ എന്നത്തേക്ക് ആരംഭിക്കുമെന്നും റിപ്പോർട്ട് എപ്പോൾ ലഭ്യമാകുമെന്നും വ്യക്തമാക്കുമോ ;

(സി) പ്രസ്തുത റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കുമോ ;

ഉത്തരം

(എ) മൂവാറ്റുപുഴ ടൗണിന്റെ സിറ്റി ഡവലപ്മെന്റ് പ്ലാൻ തയ്യാറാക്കുന്നതിന്റെഭാഗമായി ഗതാഗത മേഖലയെ സംബന്ധിച്ച പഠനങ്ങൾ, ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ഡിപ്പാർട്ട്മെന്റ് ആവശ്യപ്പെട്ട പ്രകാരം, നാറ്റ്പാക് നടത്തിവരുന്നു.

(ബി) പഠനത്തിന്റെ ഭാഗമായി സർവേകൾ നിലവിൽ നടന്നുകൊണ്ടിരിക്കുന്നു. ഈ വർഷാവസാനത്തോടെ പഠന റിപ്പോർട്ട് നാറ്റ്പാക്ക് പൂർത്തിയാക്കുന്നതാണ് എന്നറിയിച്ചിട്ടുണ്ട്.

(സി) റിപ്പോർട്ട് ലഭിച്ചതിനുശേഷം പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

കൊല്ലങ്കോട് മണ്ഡലത്തിലെ കൊട്ടയങ്കോട്-നെല്ലിക്കാട് റോഡിന്റെ നവീകരണം

120 (6038) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊല്ലങ്കോട് മണ്ഡലത്തിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലെ കൊട്ടയങ്കോട്-നെല്ലിക്കാട് റോഡ് ത്രിതല പഞ്ചായത്ത് ഫണ്ട് പ്രകാരമോ തൊഴിലുറപ്പു പദ്ധതിയിൽ ഉൾപ്പെടുത്തിയോ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിന് തടസ്സമായി നിൽക്കുന്നത് എന്താണെന്നും പ്രസ്തുത തടസ്സങ്ങൾ നീക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത റോഡ് സ്വകാര്യ വ്യക്തികൾ ആരെങ്കിലും കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ടോ ; എങ്കിൽ ഇതിനെതിരെ എന്തെല്ലാം നിയമനടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും റോഡ് അളന്ന് തിട്ടപ്പെടുത്തുന്നതിന് എന്ത് നടപടി വില്ലേജ് അധികൃതരുമായി ചേർന്ന് സ്വീകരിച്ചു എന്നും ഇപ്പോഴത്തെ അവസ്ഥയെന്താണെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. നെന്മാറ ബ്ലോക്ക് പഞ്ചായത്തിന്റെ തൊഴിലുറപ്പ് പദ്ധതിയുടെ ആക്ഷൻ പ്ലാനിൽ പ്രസ്തുത സ്ഥലത്ത് നവീകരണ പ്രവർത്തനം നടത്തുന്നതിന് പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത റോഡിന്റെ പണി തുടങ്ങുന്നതിന് തടസ്സമായി വന്നിരിക്കുന്നത് ബഹു. കേരള ഹൈക്കോടതിയിൽ, എലവഞ്ചേരി ഗ്രാമപഞ്ചായത്ത്

LIBRARY ARCHIVES Kerala Legislative Assembly

സെക്രട്ടറി മൂന്നാം എതിർകക്ഷിയായി, സ്ഥലം ഉടമ, ശ്രീ.സുന്ദരേശൻ ഫയൽ ചെയ്ത റിട്ട് പെറ്റീഷൻ 18342/2007 (എച്ച്) നമ്പർ ഹർജിയാണ്. പ്രസ്തുത ഹർജിയുടെ വിധിന്യായത്തിൽ പരാതിക്കാരനേയും വില്ലേജ് അധികൃതരേയും വിളിച്ച് ഹിയറിംഗ് നടത്തി തീരുമാനം എടുക്കുന്നതിന് ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിട്ടുള്ളതാണ്. ബഹു.ഹൈക്കോടതി നിർദ്ദേശപ്രകാരം ഗ്രാമപഞ്ചായത്ത് നടപടി സ്വീകരിച്ചുവരുന്നു.

(സി) പ്രസ്തുത റോഡ് അളന്ന് തിട്ടപ്പെടുത്തിതരണമെന്ന് ആവശ്യപ്പെട്ട് റവന്യൂ അധികൃതർക്ക് ഗ്രാമപഞ്ചായത്ത് കത്ത് നൽകിയിട്ടുള്ളതാണ്.

കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയ റോഡുകൾ

121 (6039) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ ;

(എ) ഇരിക്കൂർ നിയമസഭാ മണ്ഡലത്തിൽപ്പെട്ടതോ നിയമസഭാ മണ്ഡലത്തിലൂടെ കടന്നുപോകുന്നതോ ആയ ഏതെല്ലാം റോഡുകളാണ് കണ്ണൂർ ജില്ലാ പഞ്ചായത്തിന് കൈമാറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ ;

(ബി) ഇതിൽ ഓരോ റോഡിനും നിലവിലുള്ള ജില്ലാപഞ്ചായത്ത് 2005-ന് ശേഷം എത്ര രൂപ വീതം തനതുഫണ്ടിൽ നിന്നും ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) കണ്ണൂർ ജില്ലാപഞ്ചായത്ത് ഏറ്റെടുത്ത് നടത്തുന്ന ഇരിക്കൂർ നിയമസഭാമണ്ഡലത്തിൽപ്പെട്ടതും നിയമസഭാ മണ്ഡലത്തിലൂടെ കടന്നുപോകുന്നതുമായ റോഡുകളുടെ പേരുവിവരങ്ങൾ താഴെക്കൊടുക്കുന്നു.

1. കുടിയാന്മല-പൊട്ടൻപ്ലാവ് വഞ്ചിയം റോഡ്
2. കാവിൻമുനമ്പ് കരിവെള്ളൂർ കൂട്ടുമുഖം റോഡ്
3. ചെമ്പന്തൊട്ടി-കൂരയ്ക്കൽ റോഡ്
4. പൊടിക്കളം മടമ്പം-പാറക്കടവ് റോഡ്
5. ഉളിക്കൽ കാഞ്ഞിലേരി തെരൂർ കണിയാർ വയൽ റോഡ്
6. നെച്ചിയാട്ട് മണിക്കടവ് കാഞ്ഞലേരി റോഡ്
7. പെരുവപ്പറമ്പ് കല്ലുവയൽ-നെല്ലിക്കാംപൊയിൽ റോഡ്
8. നെല്ലിക്കുറ്റി-വണ്ണാത്തിക്കടവ് റോഡ്
9. കൂട്ടുമുഖം-പരുതിയിൽ കല്ലാരി റോഡ്
10. കോട്ടക്കുന്ന്-ഏറ്റുപാറ-ചന്ദനക്കാം പാറ റോഡ്

LIBRARY ARCHIVES Kerala Legislative Assembly